# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:215** **05.05.2017-ൽ മറുപടിയ്ക്ക്**

## ദേശീയ മത്സ്യവികസന ബോർഡ് പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. എ. എൻ. ഷംസീർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്തെ മത്സ്യമേഖലയിൽ ദേശീയ മത്സ്യവികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ ഏതെല്ലാമാണ്; | എ) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ മത്സ്യമേഖലയിൽ ദേശീയ മത്സ്യ വികസന ബോർഡ് സാമ്പത്തിക സഹായം നൽകുന്ന പ ദ്ധതികൾ ഒന്നും അനുവദിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനും, ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിനായി കർഷകർക്ക് പരിശീലനം നൽകുന്നതിനും, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും, അലങ്കാര മത്സ്യ ഉത്പാദനവുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് നൽകുന്നതിനും, അലങ്കാര മത്സ്യകൃഷി വികസിപ്പിക്കുന്നതിനും ദേശീയ മത്സ്യ വികസന ബോർഡിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. |
| ബി) ഉൾനാടൻ മത്സ്യകൃഷി മേഖലയിൽ ഉല്പാദന വർദ്ധനവിനും കൃഷി വിപുലീകരണത്തിനും ദേശീയ മത്സ്യവികസന ബോർഡ് സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യഉത്പാദന വർദ്ധനവിനും കൃഷി വിപുലീകരണത്തിനുമായി വിവിധ കാലയളവുകളിൽ ദേശീയ മത്സ്യ വികസന ബോർഡിന്റെ സഹായം ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) സംസ്ഥാനത്തെ ആഴക്കടൽ മത്സ്യബന്ധനത്തിനും മത്സ്യ സംസ്കരണത്തിനും വിപണനത്തിനും പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾ എത്രമാത്രമുണ്ടെന്ന് അറിയിക്കാമോ? | സി) സംസ്ഥാനത്തെ മത്സ്യക്കച്ചവട ക്കാർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ മത്സ്യവിപണനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം വെച്ചുകൊ ണ്ട് മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിന് ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായം ലഭ്യമായിട്ടു ണ്ട്. |

സെക്ഷൻ ആഫീസർ

# അനുബന്ധം

ഉൾനാടൻ മത്സ്യകൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർക്ക് പരിശീലനം നൽകുന്നതിനായി 2007-08 വർഷം 78.585 ലക്ഷം രൂപ എൻ.എഫ്.ഡി.ബി. അനുവദിച്ചിട്ടു ണ്ട്.

ഉൾനാടൻ ജലസംഭരണികളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2010-11 വർഷത്തിൽ ദേശീയ മത്സ്യ വികസന ബോർഡ് 119.14 ലക്ഷം രൂപ അനുവദിക്കുകയും അഡാക്ക് മുഖേന കേരളത്തിലെ നെയ്യാർ, കല്ലട, പമ്പ, കക്കി, പൊന്മുടി, നേരിയമംഗലം, ചെങ്കുളം, മാട്ടുപ്പെട്ടി, കുല, ആനയിറങ്ങൽ, ഇടുക്കി, പെരിയാർ, ഭൂതത്താൻകെട്ട്, പെരിങ്ങൽകുത്ത്, ഷോളയാർ, പറമ്പിക്കുളം, കാരാപ്പുഴ, ബാണാസുരസാഗർ, പഴശ്ശി എന്നീ 19 ജലസംഭരണികളിൽ 71.30 ലക്ഷം എണ്ണം കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെയും 47.84 ലക്ഷം എണ്ണം ആറ്റുകൊഞ്ച് മത്സ്യക്കുഞ്ഞുങ്ങളെയും നിക്ഷേപിച്ചിട്ടു ണ്ട് .

ഇന്റഗ്രേറ്റഡ് ഓർണമെന്റൽ യൂണിറ്റ് ഒന്നിന് 15 ലക്ഷം രൂപ എൻ.എഫ്.ഡി.ബി ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം 6 യൂണിറ്റുകൾ എറണാകുളം, തിരുവനന്തപുരം ജില്ലകളിലായി നടപ്പാക്കിയിട്ടു ണ്ട്. യൂണിറ്റുകളിൽ മത്സ്യോത്പാദനം നടന്നുവരുന്നു. ഇതിനായി 45 ലക്ഷംരൂപ കർഷകർക്ക് അനുവദിച്ചിട്ടു ണ്ട്.

മീഡിയം സ്കെയിൽ ഓർണമെന്റൽ ഫിഷ് ബ്രീഡിംഗ് യൂണിറ്റ് ഒന്നിന് 4 ലക്ഷം രൂപാ വീതം ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലായി ര ണ്ട് യൂണിറ്റുകൾ പ്രവർത്തിക്കുന്നു ണ്ട്.

അലങ്കാര മത്സ്യങ്ങളുടെ ബാക്ക്യാർഡ് ഹാച്ചറി യൂണിറ്റിനായി സംസ്ഥാനത്ത് 2,45,25,000 രൂപ അനുവദിച്ചിട്ടുണ്ട്.

അലങ്കാര മത്സ്യ ഉത്പാദനവുമായി ബന്ധപ്പെട്ട ട്രെയിനിംഗ് നൽകുന്നതിനായി 15,7200 രൂപ എൻ.എഫ്.ഡി.ബി ധനസഹായം ലഭിച്ചതുപയോഗിച്ച് 1,268 കർഷകർക്ക് ട്രെയിനിംഗ് നൽകുകയുണ്ടായി.

സാറ്റലൈറ്റ് ഫാമിംഗ് യൂണിറ്റ് തുടങ്ങുന്നതിനായി സർക്കാർ ഭൂമിയിൽ അലങ്കാര മത്സ്യ ഉത്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് 40,50,000 രൂപ ലഭിച്ചിട്ടു ണ്ട്.

ആലപ്പുഴയിലെ കഞ്ഞിക്കുഴിയിൽ അലങ്കാര മത്സ്യ ഉത്പാദനത്തിനും 100 ഹോം സ്റ്റഡ് യൂണിറ്റുകൾ തുടങ്ങുന്നതിനായി 50 ലക്ഷം രൂപ എൻ.എഫ്.ഡി.ബി ധനസഹായം ലഭിച്ചു. ഗുണഭോക്താക്കളെ ക ണ്ടെത്തി ട്രെയിനിംഗ് നൽകുകയും അലങ്കാര മത്സ്യ ഉത്പാദനം ആരംഭിക്കുകയും ചെയ്തിട്ടു ണ്ട്.

2016-17 സാമ്പത്തിക വർഷം മുതൽ സെന്റർ സെക്ടർ സ്കീമുകളുടെ മോണിറ്ററിംഗ് നടത്തുന്നത് എൻ.എഫ്.ഡി.ബി. ആണ്.

**സെക്ഷൻ ആഫീസർ**